LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ വില്ലേജിൽ ഫയർസ്റ്റേഷന് സ്ഥലം

243 [2297] ശ്രീ. കെ. വി കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ വില്ലേജിൽപ്പെട്ട ആർ. എസ്. നമ്പർ 149/2-ൽ പ്പെട്ട 8 ഏക്കർ റവന്യൂ ഭൂമിയിൽ നിന്ന് 2 ഏക്കർ സ്ഥലം ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നൽകുന്ന നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് 23-9-2002-ൽ കാസർഗോഡ് അസി. ഡിവിഷണൽ ഓഫീസർ (ഫയർഫോഴ്സ്) നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലം ഫയർഫോഴ്സ് ഡിപ്പാർട്ട്മെന്റിന് കൈമാറുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ—സി) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ കുറ്റിക്കോൽ വില്ലേജിൽ റീ. സ. നമ്പർ 149/2-ൽ പ്പെട്ട രണ്ട് ഏക്കർ സ്ഥലം, ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഫയർഫോഴ്സ് വകുപ്പിന് കൈമാറുന്നതിന് വേണ്ടിയുള്ള ഭൂമി കൈമാറ്റ നിർദ്ദേശം കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസർ പരിശോധിച്ചുവരുകയാണ്. ആയത് അടിയന്തിരമായി ലഭ്യമാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ആലപ്പുഴയിൽ ശുദ്ധജല വിതരണത്തിന് പമ്പ്-കം-വെൽഹൗസ് സ്ഥാപിക്കുന്നതിനുള്ള നടപടി

244 [2298] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ ശുദ്ധജല വിതരണത്തിനായി ഹഡ്കോ ധനസഹായത്തോടെ ഉള്ള പദ്ധതിക്കായി പമ്പ്-കം-വെൽഹൗസ് സ്ഥാപിക്കുന്നതിന് മിച്ചഭൂമി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടർ സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്നാണ് സമർപ്പിച്ചത്; ഇക്കാര്യത്തിൽ അനുകൂല തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കായി മിച്ചഭൂമി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?